**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാട്ടാക്കട ഗ്രാമ പഞ്ചായത്തിൽ ശ്രീ. പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി വസ്തു വിലയ്ക്ക് വാങ്ങുന്നതിന് ഒരു കോടി രൂപ പരിധിയിൽ ഇളവ് അനുവദിച്ച് ഭരണാനുമതി നൽകി - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.27/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 05/02/2021

---

പരാമർശം :-1) 22.01.1998-ലെ സ. ഉ. (പി) നം.18/98/ത.സ്വ.ഭ.വ

2) 10.10.2002-ലെ സ. ഉ. (പി) നം.169/2002/ത.സ്വ.ഭ.വ

3) 03/12/2007-ലെ സ.ഉ.(കൈ) നം.280/2007/ത.സ്വ.ഭ.വ

4) 02/03/2020-ലെ സ.ഉ.(സാധാ) നം.192/2020/ധനം

5) കാട്ടാക്കട ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 25.05.2020-ലെ 12(1), 12(2) എന്നീ തീരുമാനങ്ങൾ

6) കാട്ടാക്കട ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 14.08.2020-ലെ 8(1) നമ്പർ തീരുമാനം.

7) കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.10.2020-ലെ A2/3365/2020 നം.കത്ത്.

8) പഞ്ചായത്ത് ഡയറക്ടറുടെ 23/10/2020 ലെ PAN/7681/2020-C7(DP) നമ്പർ കത്ത്.

**ഉത്തരവ്**

കാട്ടാക്കട നിയോജക മണ്ഡലത്തിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ശ്രീ.പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി 2019- 2020 വർഷത്തെ സംസ്ഥാന ബജറ്റിൽ 2,40,00,000/- രൂപ (രണ്ട് കോടി നാൽപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിരുന്നു. ഗ്രാമപഞ്ചായത്തുകൾക്ക് പൊതു ആവശ്യത്തിന് ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് അനുവദനീയമായ തുകയുടെ പരിധി ഒരു കോടി രൂപയായി പരാമർശം 3 പ്രകാരം നിജപ്പെടുത്തിയിരുന്നു. ബജറ്റ് വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറാനും ഗ്രാമപഞ്ചായത്തുകൾക്ക് പൊതു ആവശ്യത്തിനുള്ള ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് അനുവദനീയമായ തുകയുടെ പരിധി ഒരു കോടി രൂപ മാത്രമായ സാഹചര്യത്തിൽ, ബജറ്റ് വിഹിതമായ രണ്ട് കോടി നാൽപത് ലക്ഷം രൂപ ഉപയോഗിച്ച് ഭൂമി വാങ്ങുന്നതിനും സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ പരാമർശം 5 പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയുണ്ടായി. പരാമർശം 6 പ്രകാരം ഭൂമി വാങ്ങുന്നതിനു 3,30,15,502/-രൂപ (മൂന്ന് കോടി മുപ്പത് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റിരണ്ട് രൂപ മാത്രം) ആവശ്യമുണ്ടെന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയുണ്ടായി. പരാമർശം 7 പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഭരണസമിതി തീരുമാനങ്ങൾ പ്രകാരമുള്ള അഭ്യർത്ഥന സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് 8-ൽ റീസർവ്വേ 225/1-ൽ ഉൾപ്പെട്ട 52.56 ആർ വസ്തു വാങ്ങി ശ്രീ.പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിന്, ബജറ്റ് വിഹിതമായി 2,40,00,000/-രൂപ (രണ്ട് കോടി നാല്പത് ലക്ഷം രൂപ) അനുവദിച്ചിട്ടുള്ളതാണെന്നും ഈ ആവശ്യത്തിലേയ്ക്കായി ഭൂമി വാങ്ങുന്നതിനു 3,30,15,502/-രൂപ (മൂന്ന് കോടി മുപ്പത് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റിരണ്ട് രൂപ മാത്രം) ആവശ്യമുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 8 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയതിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാട്ടാക്കട നിയോജക മണ്ഡലത്തിൽ ശ്രീ.പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് ആവശ്യമായ തുക ഒരു കോടി രൂപയിൽ അധികരിക്കുമെന്ന സാഹചര്യത്തിൽ, കാട്ടാക്കട ഗ്രാമപഞ്ചായത്ത് ഭരണ സമിതയുടെ തീരുമാനങ്ങൾ പരിഗണിച്ചും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്, പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ എന്നിവയുടെ അടിസ്ഥാനത്തിലും, ഈ ആവശ്യത്തിലേയ്ക്ക് മാത്രമായി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പൊതു ആവശ്യത്തിനായി ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് അനുവദിക്കാവുന്ന തുകയുടെ പരിധി ഒരു കോടി രൂപയായി നിജപ്പെടുത്തിക്കൊണ്ടുള്ള പരാമർശം (3) ലെ ഉത്തരവിൽ ഇളവ് അനുവദിച്ചു കൊണ്ട് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കാട്ടാക്കട ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എൽ.ബി.എ & എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അറിവിലേയ്ക്കായി)
തദ്ദേശസ്വയംഭരണ(ഡി.എ/ഡി.ബി/എഫ്.എം)വകുപ്പ് (ആവശ്യമായ തുടർ നടപടിയ്ക്കായി)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/51/2020/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- 1) തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

2) തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്